"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**(സംഗ്രഹം )**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന മൂന്ന് പേരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(എം.എസ്) നം.113/2021/ഉ.വി.വ. തീയതി, തിരുവനന്തപുരം, 17/02/2021**

---

പരാമർശം :-1. സ.ഉ.(എം.എസ്) 107/2007/ഉ.വി.വ തീയതി 4/8/2007.

2. സ.ഉ.(എം.എസ്) 387/2020/ഉ.വി.വ തീയതി 6/12/2020.
3. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 22/11/2019 ലെ കെ.എസ്.എച്ച്.ഇ.സി എ 7/705/എം.എസ്/ഡയറക്റ്റ്/2019 നമ്പർ കത്ത്.
4. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 16/02/2021 ലെ KSHEC A1/135/Common with Govt/2020 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പത്തു വർഷത്തിലധികമായി കരാർ/താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഓഫീസ് അറ്റന്റന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ്, ഡ്രൈവർ ആന്റിൻ വിനോദ് എന്നിവരെ മറ്റ് സ്ഥാപനങ്ങളിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതുപോലെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് കൗൺസിൽ വൈസ് ചെയർമാനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 08/11/2019 ൽ കൂടിയ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ഇക്കാര്യം വിശദമായി ചർച്ച ചെയ്തതായും ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പരാമർശം 2 പ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നു. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾ ഒന്നും തന്നെ കൗൺസിലിൽ നടന്നു വരുന്നില്ല എന്ന് പരാമർശം 4 ലെ കത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

P.T.O

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾ ഒന്നും തന്നെ കൗൺസിലിൽ നടന്നു വരുന്നില്ല എന്ന വസ്തുത പരിഗണിച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ പത്ത് വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ സേവനത്തിൽ തുടരുന്ന ഓഫീസ് അറ്റൻഡന്റ്മാരായ ശ്രീ.ജോസ് രാജ്, ശ്രീമതി.ബിൻസി തോമസ്, ഡ്രൈവർ ശ്രീ.ആന്റിൻ വിനോദ് എന്നിവരെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.വി.വേണു**

**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

മെമ്പർ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( Vide U.O നം. 1626148 Edn -C1/211/2020 dated 7/12/2020)
പൊതുഭരണ (എസ്.സി) വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.